ബജറ്റ് പ്രസംഗം

(BUDGET SPEECH)

ബജറ്റ് 2023-24

(ശ്രീമതി. എം വി സജിത. പ്രസിഡന്റ്, മുണ്ടൂർ ഗ്രാമപഞ്ചായത്ത്)

സ്ഥലം - മുണ്ടൂർ,

പ്രിയമുള്ളവരെ,

മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ബജറ്റ് അവതരണയോഗമാണ് ഇന്നിവിടെ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. നൂതന ആശയങ്ങളും വികസന സ്വപ്നങ്ങളും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റിൽ ചേർത്ത്, വരുന്ന സാമ്പത്തിക വർഷത്തിൽ നിർവ്വഹിക്കേണ്ടതുണ്ട്.

അധികാരം താഴെത്തട്ടിലേക്ക് (ഗ്രാമങ്ങളിലേക്ക്) കൈമാറപ്പെട്ടപ്പോൾ വികസമക്ഷേമ പദ്ധതികൾ സുതാര്യവും കാര്യക്ഷമവുമായി. ഈ അധികാര വികേന്ദ്രീകരണം ഗ്രാമീണ മേഖലയിൽ പുത്തനുണർവും നാടിന്റെ പുരോഗതിയിലേക്കുള്ള ചുവടുവെപ്പായി മാറുകയും ചെയ്തു. സംസ്ഥാന വിഹിതത്തിന്റെ 60 ശതമാനത്തോളം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വിനിയോഗിക്കപ്പെടുന്നു. അങ്ങനെ നോക്കുമ്പോൾ ലോകത്തിലെതന്നെ മികവുറ്റ തദ്ദേശഭരണ സംവിധാനം കേരളത്തിലേതാണ്.

ധനകാര്യ പരിപാലനത്തിന്റെ നെടുംതൂണാണ് ബജറ്റ്. ഒരു വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്-ചെലവുകളുടെ സംഗ്രഹമാണ് ഇത്. വിവിധ സ്രോതസുകളിൽ നിന്നും സമാഹരിക്കാൻ കഴിയുന്ന വിഭവങ്ങൾ കണ്ടെത്തി അവ നിത്യ നിദാന ചെലവുകൾക്കും വികസന പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കുമായി മാനദണ്ഡങ്ങൾക്കനുസരിച്ച് വകയിരുത്തവാൻ ബജറ്റിംഗിലൂടെ സാധ്യമാവുന്നു.

കേരളത്തിൽ ജനകീയാസൂത്രണവും വികേന്ദ്രീകൃത ആസൂത്രണവും നടപ്പിലാക്കിയത് കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളുടെ അസാമാന്യ പുരോഗതിക്ക് കാരണമായിട്ടുണ്ട്. വികസന പ്രക്രിയയിലും ആസൂത്രണത്തിലും ലോകനിലവാരത്തിലേക്ക് ഉയരാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഇന്ന് കേരളത്തിന്റെ ഭരണ നിർവ്വഹണരംഗത്ത് അവിഭാജ്യ ഘടകമാണ്.

വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ദീർഘവീക്ഷണം, സുവ്യക്തമായ കാഴ്ചപ്പാട് സ്ഥിതിവിവര കണക്കുകൾ, ലക്ഷ്യം, നിർവ്വഹണ രീതി എന്നിവ അനിവാര്യമാണ്. വികസന നേട്ടങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാവുമ്പോഴാണ് ഭരണസംവിധാനങ്ങൾ ജനകീയമാകുന്നത്. ഇത്തരത്തിൽ ജനാഭിലാഷങ്ങളുടെ സാക്ഷാത്കാരത്തിനായി പങ്കാളിത്ത ആസൂത്രണത്തിലൂടെ വികസന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് പ്രതിജ്ഞാബദ്ധതയോടെയുള്ള പ്രവർത്തങ്ങളാണ് നമ്മൾ മുൻകാലങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ളത്. അതിന്റെ അനുബന്ധം എന്ന നിലയിലുള്ള പരിപാടികളാണ് ഈ ബജറ്റിലൂടെ മുന്നോട്ട് വയ്ക്കുന്നത്. സാമൂഹിക വ്യവസ്ഥിതിയിലും ജീവിത സാഹചര്യങ്ങളിലും ഗുണപരമായ മാറ്റം സൃഷ്ടിക്കാൻ സാധിക്കുമെന്ന കാഴ്ച്ചപ്പാടിലൂന്നിയുള്ള വികസനമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ അവതരിപ്പിക്കാനുള്ളത് നിരവധിയായ ആവശ്യങ്ങളും പരിമിതമായ വിഭവ

സ്രോതസ്സുകളും എന്ന അവസ്ഥയിൽ നിന്നുകൊണ്ട് മുൻഗണന അനിവാര്യമായ വികസന മേഖലകൾ കൃത്യതയോടെ നിർണയിച്ച് അവ പ്രാവർത്തികമാക്കുക എന്ന സമീപനമാണ് പഞ്ചായത്ത് പുലർത്തുന്നത്.

സുരക്ഷിതമായ വീട്, സുലഭമായ കുടിവെള്ളം, വൈദ്യുതി എന്നിവ ഏതൊരു കുടുംബത്തിന്റെയും സ്വപ്നമാണ് ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടം പ്രവർത്തനങ്ങളിലൂടെ ഭവന രഹിതരായ നിരവധി കുടുംബങ്ങളുടെ സ്വപനങ്ങൾക്ക് ചിറക് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നമുക്കെല്ലാം അറിവുള്ളതുപോലെ സർക്കാർ ലഭ്യമാക്കുന്ന വികസനഫണ്ട് തന്നെയാണ് നമ്മുടെ പ്രധാന വിഭവ സ്രോതസ്സ്. അതോടൊപ്പം തനതു വരുമാനവും. എല്ലാ മേഖലകൾക്കും ഫണ്ടുകൾ മാറ്റി വെച്ചുകൊണ്ട് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. ലഭ്യമാകുന്ന ധനസ്രോതസ്സുകളെ കുറിച്ച് വിശദമായി ബജറ്റ് അവതരണത്തിൽ സൂചിപ്പിക്കുന്നതാണ്. സർക്കാരിന്റെ നിർദ്ദേശാനുസരണം ചില പദ്ധതികൾക്ക് കൂടുതൽ തുക മാറ്റിവെക്കുമ്പോൾ മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഫണ്ടിന്റെ ലഭ്യതക്കുറവ് വരുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ബജറ്റ് അവതരണത്തിനായി നമ്മുടെ ബഹുമാന്യനായ വൈസ് പ്രസിഡന്റ് ശ്രീ.വി സി ശിവദാസൻ അവർകളെ ക്ഷണിച്ചുകൊള്ളുന്നു.

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ്

(അവതരണം- ശ്രീ. വി സി ശിവദാസൻ, വൈസ് പ്രസിഡന്റ്)

സ്ഥലം- മുണ്ടൂർ,

പ്രിയമുള്ളവരെ,

മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ യോഗത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഈ ബജറ്റിൽ എല്ലാ മേഖലകളെയും പരിഗണിച്ചിട്ടുണ്ട്. മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായ വീടും, പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പ്രദേശങ്ങളിലും സുലഭമായ കുടിവെള്ളം, വെളിച്ചം എന്നിവ ലഭ്യമാക്കണമെന്നതാണ് ഈ ബജറ്റിന്റെ പ്രധാന ലക്ഷ്യം.

വിവധ നികുതികൾ, ഫീസുകൾ,മറ്റു ലഭ്യമാകാവുന്ന തനതു വരുമാന വിഭവങ്ങൾ എന്നിവയും സർക്കാർ ഗ്രാന്റുകൾ, പ്രത്യേകഉദ്ദേശ ഗ്രാന്റുകൾ, വിവിധ സർക്കാർ ഏജൻസികളിൽനിന്നുള്ള ഗ്രാന്റുകൾ, ഫണ്ടുകൾ,വായ്പകൾ എന്നിവ കൂടിച്ചേർന്നതാണ് നമ്മുടെ വിഭവസ്രോതസ്സ്. ബജറ്റിന്റെ വിഭവസ്രോതസ്സുകളുടെയും ചെലവുകളുടെയും സംക്ഷിപ്തം ബജറ്റ് സ്റ്റേറ്റ്മെന്റ് പേജിൽ ലഭ്യമാക്കിയിട്ടുണ്ട്.

ബജറ്റ് അവതരണത്തിലേക്ക് കടക്കട്ടെ.....

വിവിധ മേഖലകൾക്കുള്ള വകയിരുത്തലുകൾ

ഉല്പാദന മേഖല

കൃഷി, മൃഗസരക്ഷണം തുടങ്ങിയവ

	PARTICULARS (ഇനവിവരം)	Budget for the Year-2023-24 (ബജറ്റ് 2023-24)
	കൃഷിയുംഅനുബന്ധമേഖലകളും-നെൽകൃഷി	25,17,700
	കൃഷിയുംഅനുബന്ധമേഖലകളും-പച്ചക്കറി	3,50,000
	കൃഷിയുംഅനുബന്ധമേഖലകളും-തെങ്ങുകൃഷി	3,75,000
	കൃഷിയുംഅനുബന്ധമേഖലകളും-മറ്റ് വിളകൾ	1,00,000
	മൃഗ സംരക്ഷണം-പശു വളർത്തൽ	7,62,500
	മൃഗസംരക്ഷണം- ആട് വളർത്തൽ	3,50,000
	മൃഗസംരക്ഷണം- കന്നുകുട്ടി പരിപാലനം	2,50,000
	മൃഗസംരക്ഷണം- മുട്ടക്കോഴി വളർത്തൽ്	4,00,000
	മൃഗസംരക്ഷണം- മറ്റ് അനുബന്ധ സൗകര്യങ്ങൾ	68,400
	മത്സ്യ കൃഷി	2,00,000
	ക്ഷീരവികസനം	8,50,000
	മണ്ണ്-ജല സംരക്ഷണം	5,00,000
	കൃഷി അനുബന്ധ സൌകര്യങ്ങൾ- ട്രാക്ടർ റാമ്പ് നിർമ്മാണം	10,00,000
	ആകെ	**77,23,600**

പരിസ്ഥിതി സംരക്ഷണം, മണ്ണ്-ജലസംരക്ഷണം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24 (ബജറ്റ് 2023-24)
	പരിസ്ഥിതി സംരക്ഷണം, (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ)	4,00,00,000
	ആകെ	**4,00,00,000**

സേവന മേഖല

കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്ക്കരണം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	കുടിവെള്ളം	14,00,000
	പൊതുശുചിത്വം,മാലിന്യപരിപാലനം	7,00,000
	മാലിന്യസംസ്ക്കരണം- ബയോഗ്യാസ് പ്ലാന്റ്, ബയോ ബിൻ	3,00,000
	ആകെ	**24,00,000**

ആരോഗ്യം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24 (ബജറ്റ് 2023-24)
	പൊതു ആരോഗ്യപരിപാടികൾ (പാലിയേറ്റീവ് പരിചരണം)	8,20,000
	മരുന്നുകൾ	20,00,000
	ആശുപത്രി നവീകരണം,വേതനം	13,00,000
	പകർച്ച വ്യാധി നിയന്ത്രണം	2,50,000
	ആകെ	**43,70,000**

വിദ്യാഭ്യാസം, ശിശു ക്ഷേമം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	വിദ്യാഭ്യാസ അനുബന്ധ പരിപാടികൾ	8,00,000
	എസ്.എസ്.കെ പദ്ധതിക്കുള്ള വിഹിതം	7,00,000
	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി	23,00,000
	അങ്കണവാടി പശ്ചാത്തല സൌകര്യങ്ങൾ /അങ്കണവാടി വർക്കർമാരുടെ വേതനം	15,00,000
	അങ്കണവാടി അനുബന്ധ സൗകര്യങ്ങൾ	2,00,000
	ആകെ	**55,00,000**

സംസ്ക്കാരം, കല,കായികം, യുവജനക്ഷേമം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	കേരളോത്സവം	1,00,000
	സാക്ഷരത തുല്യതാവിദ്യാഭ്യാസ പരിപാടി	1,50,000
	വായന ശാലകളും, റീഡിംഗ് റൂമുകളും	20,000
	കല-സംസ്ക്കാരം	2,00,000
	സ്പോർട്സ്- പരിശീലനവും മറ്റ് അനുബന്ധ പരിപാടികളും	7,00,000
	പഞ്ചായത്ത് കളിസ്ഥലം(ഗ്രൗണ്ട്) പുനരുദ്ധാരണം	10,00,000
	യുവജനക്ഷേമ പ്രോത്സാഹന പരിപാടികൾ	3,00,000
	ആകെ	**24,70,000**

സാമൂഹ്യക്ഷേമ പരിപാടികൾ

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ	7,65,000
	അഗതിക്ഷേമപരിപാടികൾ	1,00,000
	ദാരിദ്ര്യലഘൂകരണപരിപാടികൾ (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)	4,00,00,000
	സാമൂഹ്യസുരക്ഷാ പെൻഷനുകൾ (സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ)	9,50,00,000
	ആശ്രയ പദ്ധതി	80,000
	അതിദരിദ്രർക്ക് മൈക്രോപ്ലാൻപദ്ധതി	9,00,000
	മറ്റ് സാമൂഹ്യസുരക്ഷിതത്വ പരിപാടികൾ്	25,000
	ആകെ	**13,68,70,000**

സ്ത്രീ ശാക്തീകരണം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	വനിതാ ക്ഷേമപരിപാടി	**6,50,000**

വയോജന സംരക്ഷണം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	വയോജന സൌഹൃദ പദ്ധതികൾ	**7,00,000**

സമ്പൂർണ്ണ ഭവന പദ്ധതി (ലൈഫ് മിഷൻ)

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	ഭവന നിർമാണം	**81,10,000**

പട്ടികജാതി, പട്ടികവർഗ്ഗ വികസനം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	പട്ടികജാതി ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ	**65,79,400**

സദ്ഭരണം

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	പ്രാദേശിക സർക്കാരിന്റെ സേവന പ്രദാന നിലവാരം മെച്ചപ്പെടുത്തൽ (ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം, പ്രോജക്ട് അസി. വേതനം, റിസോഴ്സ്പേഴ്സനുള്ള വേതനം)	7,60,000
	പദ്ധതി രൂപീകരണം, മോണിറ്ററിംഗ്	3,00,000

	പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവത്കരണം	1,00,000
	ഐ.കെ.എം. ന് വിഹിതം നൽകൽ്	1,00,000
	ഘടക സ്ഥാപനങ്ങളുടെ സേവന സൗകര്യങ്ങൾവർദ്ധിപ്പിക്കൽ്	5,70,000
	മറ്റ് പ്ലാൻ ചെലവുകൾ	2,00,000
	ലോൺ തിരിച്ചടവ്	50,00,000
	ശ്മശാനങ്ങൾ / പൊതു ശ്മശാനം	6,00,000
	ആകെ	**76,30,000**

പശ്ചാത്തല മേഖല

റോഡ്, കെട്ടിടം, ഊർജ്ജം തുടങ്ങിയവ

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം	8,40,000
	ഓഫീസ് വൈദ്യുതീകരണം	5,00,000
	റോഡുകൾ	1,50,00,000
	മറ്റ് നിർമ്മാണങ്ങൾ	2,00,000
	പൊതുകെട്ടിടങ്ങൾ	1,00,00,00
	മറ്റ് കെട്ടിടങ്ങൾ	6,00,000
	വാഹനങ്ങൾ വാങ്ങൽ	5,00,000
	ആകെ	**1,86,40,000**

മെയിന്റനൻസ് ഫണ്ടുകൾ

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ	2,43,38,000
	റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ	46,86,000
	ആകെ	**2,90,24,000**

വരവുകൾ

നികുതി, നികുതിയേതര വരുമാനം, വിവിധ ഗ്രാന്റുകളും ഫണ്ടുകളും എന്നീ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന വരവുകൾ

ക്രമ നം.	ഇനം	Budget for the Year-2023-24 (ബജറ്റ് 2023-24)
1	നികുതി വരവുകൾ	1,29,00,000
2	നികുതിയേതര വരവുകൾ	41,76,000
A	**ആകെ തനതു വരുമാനം**	**1,70,76,000**
1	ജനറൽ പർപ്പസ് ഫണ്ട്	1,87,83,000
2	വികസന ഫണ്ട്- ജനറൽ	2,01,39,000
3	വികസന ഫണ്ട്- എസ്.സി.പി	1,38,74,000
4	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	83,37,000
5	മെയിന്റനൻസ് ഗ്രാന്റ്- റോഡ്	2,43,38,000
6	മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ്	46,86,000
	ജനറൽ പർപ്പസ് ഫണ്ട്, വികസന, മെയിന്റനൻസ് ഫണ്ടുകൾ- ആകെ	**9,01,57,000**
7	മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	4,00,00,000
8	ഐ.സി.ഡി.എസ്- കേന്ദ്ര ഫണ്ട് വരവ്	30,00,000
9	കേന്ദ്രാവിഷ്കൃത പദ്ധതികൾ(മറ്റു വരവുകൾ)	15,00,000
10	ദുരിതാശ്വാസ നിധി	1,00,000
11	സംസ്ഥാനാവിഷ്കൃത പദ്ധതികൾ(ബി ഫണ്ട്)	9,50,00,000
12	ലിറ്ററസി സ്കീം ഗ്രാന്റ്	1,00,000
13	കേരളോത്സവം	1,00,000
14	സംയോജിത പദ്ധതികൾക്കുള്ള വരവുകൾ് (ബ്ലോക്ക് പഞ്ചായത്ത്)	13,00,000
15	സംയോജിത പദ്ധതികൾക്കുള്ള വരവുകൾ് (ജില്ലാ പഞ്ചായത്ത്)	20,00,000
16	ഗുണഭോക്തൃ വിഹിതം	9,00,000
17	ശുചിത്വ മിഷൻ	8,00,000
17	മറ്റ് മൂലധന വരവുകൾ - വായ്പ വാങ്ങൽ	60,00,000
B	**ആകെപദ്ധതി പദ്ധതിയേതര വരുമാനം**	**24,09,57,000**
	ഒട്ടാകെ വരവ് (A+B)	**25,80,33,000**

ചെലവുകൾ

പദ്ധതിയിതര ചെലവുകൾ

അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള ചെലവുകൾ

	PARTICULARS (ഇനവിവരം)	Budget for the Year-2023-24 (ബജറ്റ് 2023-24)
എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ		
1	ജീവനക്കാരുടെ ശമ്പളം	86,00,000
2	കൂലി, ദിവസ വേതനം	8,00,000
3	ബോണസ്	40,000
4	ജീവനക്കാരുടെ യാത്രാബത്ത	2,50,000
5	മറ്റ് ബത്തകൾ, അലവൻസുകൾ	1,00,000
6	ജനപ്രതിനിധികളുടെ ഹോണറേറിയം	22,00,000
7	ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീസ്	2,00,000
8	ജനപ്രതിനിധികളുടെ യാത്രാബത്ത	1,00,000
9	പെൻഷൻ കോൺട്രിബ്യൂഷൻ	10,00,000
10	ലീവ് സറണ്ടർ (ടെർമിനൽ സറണ്ടറടക്കം)	5,00,000
11	മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ	8,00,000
12	നികുതി	1,00,000
13	ഓഫീസ് ചെലവുകൾ	3,00,000
14	വാർത്താ വിനിമയ ചെലവുകൾ	2,00,000
15	പുസ്തകങ്ങളും ആനുകാലികങ്ങളും	2,00,000
16	അച്ചടിയും സ്റ്റേഷനറിയും	4,00,000
17	ഇൻഷുറൻസ് / രജിസ്ട്രേഷൻ	1,00,000
18	നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ	50,000
19	പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവ്	50,000
20	പരസ്യവും പ്രചരണവും	2,00,000
21	മെമ്പർഷിപ്പ് / വരിസംഖ്യ	40,000
22	ഇലക്ഷൻ ചെലവുകൾ	50,000
23	അസാധാരണ ചെലവുകൾ	6,00,000
24	മറ്റ് ഭരണ ചെലവുകൾ	10,00,000
25	വൈദ്യുതി ചാർജ്ജ് (സ്ട്രീറ്റ് ലൈറ്റ് ഉൾപ്പെടെ)	13,00,000
26	പെട്രോൾ, ഡീസൽ, ഗ്യാസ്,ലൂബ്രിക്കന്റ് ചാർജ്ജ്	8,00,000
27	വാടക	3,00,000

	സംരക്ഷണവും അറ്റകുറ്റപണികളും	
28	റോഡുകൾ	2,43,38,000
29	കുടിവെള്ള പദ്ധതികൾ്	50,000
30	കലുങ്കുകൾ	13,31,000
31	വൈദ്യുതി	2,00,000
32	മാലിന്യ നിർമ്മാർജന പദ്ധതികൾ്	10,00,000
33	മറ്റ് അസ്ഥിര ആസ്തികൾ	30,000
34	മറ്റ് നടത്തിപ്പ് മെയിന്റനൻസ് ചെലവുകൾ്	2,00,000
35	സ്ഥിര ആസ്തികളുടെ സംരക്ഷണം	10,00,000
	പലിശയുംഅനുബന്ധ ചെലവുകളും	
36	ബാങ്ക് ചാർജ്ജ് നൽകൽ	10,000
A	**ആകെ**	**4,84,39,000**

ബി ഫണ്ടും സംസ്ഥാനാവിഷ്കൃത പദ്ധതികളും

	PARTICULARS (ഇനവിവരം)	Budget for the Year-2023-24(ബജറ്റ് 2023-24)
	സാമൂഹ്യസുരക്ഷാ പെൻഷനുകൾ, തൊഴിൽ രഹിത വേതനം (സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ)	9,50,00,000
B	**ആകെ**	**9,50,00,000**

പ്ലാൻ ഫണ്ടിൽ നിന്നുള്ള റവന്യൂ, ക്യാപ്പിറ്റൽ ചെലവുകൾ

1	തൊഴിലുറപ്പ് പദ്ധതി ചെലവ്	4,00,00,000
2	ഐ.സി.ഡി.എസ്- കേന്ദ്ര ഫണ്ട് ചെലവ്	30,00,000
3	കേന്ദ്രാവിഷ്കൃത പദ്ധതികൾ(മറ്റു വരവുകൾ)	20,00,000
4	ദുരിതാശ്വാസ നിധി	1,00,000
5	വികസന ഫണ്ട് (ജനറൽ)	2,01,39,000
6	വികസന ഫണ്ട് (എസ്.സി.പി)	1,38,74,000
7	പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	83,37,000
8	മെയിന്റനൻസ് ഫണ്ട് (റോഡ്)	2,43,38,000
9	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	46,86,000

10	ഗുണഭോക്തൃ വിഹിതം	9,00,000
11	സംയോജിത പദ്ധതികൾക്കുള്ള വരവുകൾ (ബ്ലോക്ക് പഞ്ചായത്ത്)	13,00,000
12	സംയോജിത പദ്ധതികൾക്കുള്ള വരവുകൾ (ജില്ലാ പഞ്ചായത്ത്)	20,00,000
13	കേരളോത്സവം	1,00,000
14	ലിറ്ററസി സ്കീം ഗ്രാന്റ്	1,00,000
15	മറ്റ് മൂലധന വരവുകൾ - വായ്പ തിരിച്ചടവ്	50,00,000
16	തനത് ഫണ്ടിൽ നിന്നുള്ള സംഭാവനകൾ	8,00,000
17	മറ്റ് ചിലവുകൾ	53,20,000
C	**ആകെ ചെലവ്**	**13,19,94,000**
	ഒട്ടാകെ ചെലവ് (A+B+C)	**27,54,33,000**

സംഗ്രഹം	
പ്രാരംഭ ബാക്കി	2,82,29,784
വരവ്	**25,80,33,000**
ആകെ	28,62,62,784
ആകെ ചെലവ്	27,54,33,000
നീക്കി ബാക്കി (മിച്ചം)	1,08,29,784

ഉപസംഹാരം

2023-24 സാമ്പത്തിക വർഷത്തേക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര പുരോഗതിയും സർവ്വതോൻമുഖമായ ക്ഷേമവും മുൻനിറുത്തിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിഭവ സമാഹരണത്തിൻ കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഈ ബജറ്റിന്റെ ഭാഗമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ച്ചപ്പാട് പ്രാവർത്തികമാക്കുന്നതിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്ഭരണസമിതി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

വി സി ശിവദാസൻ.
വൈസ് പ്രസിഡന്റ്
മുണ്ടൂർ ഗ്രാമപഞ്ചായത്ത്

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

2023-24 വർഷത്തെ ബജറ്റ്

ജന്റർ ബഡ്ജറ്റ് 2023-24

1	ആട് വളർത്തൽ പദ്ധതി - വനിത	2,00,000
2	മുട്ടക്കോഴി വളർത്തൽ - വനിത	4,00,000
3	വനിതകൾക്ക് യോഗ പരിശീലനം	1,00,000
4	വനിത ജിംനേഷ്യം	1,20,000
5	വനിത സ്വയം തൊഴിൽ (വ്യക്തിഗതം)	1,20,000
6	വനിത ഓട്ടോ റിക്ഷ	7,20,000
7	പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	11,25,000

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

2023-24 വർഷത്തെ ബജറ്റ്

പെർഫോമൻസ് ബഡ്ജറ്റ് 2023-24

	ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം	81,10,000
	അങ്കണവാടി പോഷകാഹാരം	23,00,000
	പാലിയേറ്റീവ് കെയർ	6,00,000
	പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൌകര്യങ്ങൾ	18,80,000
	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	4,00,00,000
	വിവിധ ക്ഷേമ പെൻഷനുകൾ, തൊഴിൽരഹിത വേതനം	9,50,00,000